<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1781</u> <u>20-06-2024 - ൽ മറുപടിയ്ക്ക്</u>

<u>മഞ്ചേരി ഗവൺമെൻറ് പോളിടെക്നിക്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിലേക്ക് കുടിവെള്ളവും വൈദ്യുതിയും ലഭിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | **മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിലെ ക്വാർട്ടേഴ്സ് വളപ്പിലെ കിണർ പോളിടെക്നിക്ക് കോളേജിലെ ആവശ്യത്തിനായി വിട്ടു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br><br>**പ്രസ്തുത കോളേജിൽ വൈദ്യുതി ലഭ്യമാക്കുന്നതിനായി ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് 7,14,921/- (ഏഴ് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരത്തി ഇരുപത്തിയൊന്ന്) രൂപയുടെ ഭരണാനുമതി തുക സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പൂൾഡ് പി.ഡി.ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ